# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 770

11.06.2014 - ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾക്ക് അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ. പി. ജയരാജൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാമാണ്; | (എ) | കുഞ്ഞിമംഗലം, ചെറുപുഴ, കടന്നപ്പള്ളി, പാണാപ്പുഴ, കുറുമാത്തൂർ, ഉദയഗിരി, ചെറുതാഴം, കണ്ണപുരം, മാടായി, ശ്രീകണ്ഠപുരം, അഴീക്കോട്, കൊളച്ചേരി, എടക്കാട്, എളയാവൂർ, കടമ്പൂർ, ചേലോറ, ചൊക്ലി, മൊകേരി, ചിറ്റാരിപ്പറമ്പ എന്നീ 18 പഞ്ചായത്തുകളിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികൾ ഇല്ല. എന്നാൽ പ്രസ്തുത പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്. എം. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂരിൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചു ; | (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പള്ളിക്കുന്ന്, പുഴാതി, വളപട്ടണം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | കണ്ണൂർ ജില്ലയിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | (സി) | കണ്ണൂർ ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. എന്നാൽ 18 പഞ്ചായത്തുകളിൽ എൻ. ആർ. എച്ച്. എം ഡിസ്പെൻസറികളാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | ഏതെല്ലാം പഞ്ചായത്തുകളാണ് മുൻഗണനാ ലിസ്റ്റിലുള്ളത് ; | (ഡി) | ബാധകമല്ല. |
| (ഇ) | 2014-15-ൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കും; വിശദമാക്കുമോ ? | (ഇ) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ